PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

Third Session—1955.

Monday, the 10th October 1955.

Vol. XIV] OFFICIAL REPORT [No. 5

The Assembly met in the Assembly Chamber, Trivandrum, at Eight of the clock on Monday, the 10th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates that in the list of admitted questions for the day.)

ORAL ANSWERS

ട്രാൻസ്ഫോർട്ട് കുംഭകോണത്തെപ്പറ്റിയുള്ള അന്വേഷണം.

* 195. [1] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുപകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടു ലക്ഷം രൂപയ്ക്കുമേൽ ഗവണ്മെന്റിനു് നഷ്ടം വരുത്തിയിട്ടുള്ള ട്രാൻസ്ഫോർട്ട് കുംഭകോണത്തെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ എതു നിലയിലിരിക്കുന്നു; എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു് ഉദ്ദേശിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഇ. ഐ. വേലായുധൻ):

(എ) ഇതു സംബന്ധിച്ചു് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടു്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നും സമാധാനം വാങ്ങുകയുണ്ടായി.

(ബ) ഈ രേഖകളെല്ലാം ഇപ്പോൾ ഏൻക്വയറി ഡിപ്പാർട്ടുമെന്റു സെക്രട്ടറിയുടെ ചർച്ചയിലിരിക്കുകയാണു്. അനന്തര നടപടികൾ കഴിയുന്ന വേഗത്തിൽ പൂർത്തിയാക്കുന്നതാണു്.

SHRI A. A. D. LUIZ : Sir, on a point of information. What is the meaning of the word "kumbhakonam"? Is it parliamentary ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതു് ഒരു മലയാളവാക്കുതന്നെ.

ശ്രീ. പ്രാക്കുളം ഭാസി : എൻകയറി ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഈ പേപ്പർ അയച്ചിട്ടു് എത്ര നാളായി ?

ശ്രീ. കെ. ഐ. വേലായുധൻ : എക്സ്പെഡിഷൻ കിട്ടിയ ഉടൻ തന്നെ അയച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ആ ഡിപ്പാർട്ടുമെൻറിൽ അയച്ചതിനു ശേഷം, ഉത്തരവാദിപ്പെട്ട ആളുകളെ ആരെയെങ്കിലും വിളിച്ചു് അന്വേഷണ നടപടികൾ വല്ലതും നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : എൻകയറി ഡിപ്പാർട്ടുമെൻറു് ഇപ്പോൾ ഇതു സംബന്ധമായ നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി : എൻകയറി ഡിപ്പാർട്ടുമെൻറു് ഇതിനെപ്പറ്റി അന്വേഷണം തുടങ്ങിയതു് എന്നാണെന്നു പറയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ സൗകര്യമില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഇതു സംബന്ധമായിട്ടുള്ള കടലാസുകൾ ജൂലൈ 13-ാം തീയതി എൻകയറി ഡിപ്പാർട്ടുമെൻറിലേയ്ക്കു് അയച്ചിട്ടുള്ളതായി കാണിച്ചു് ചീഫ് സെക്രട്ടറി ജൂലൈ 14-ാംനു് എനിക്കു കത്തു് അയച്ചിട്ടുണ്ടു്. അതിനുശേഷം, അതായതു് ജൂലൈ, ആഗസ്റ്റു്, സെപ്റ്റംബർ, ഒക്ടോബർ ഈ മാസങ്ങൾക്കിടയിൽ, ഇതിന്മേൽ എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോൾ ഇക്കാര്യം എൻകയറി ഡിപ്പാർട്ടുമെൻറിൻെറ അന്വേഷണത്തിലിരിക്കുകയായതുകൊണ്ടു് അതിനെപ്പറ്റി ഒന്നും പറയുവാൻ സൗകര്യമില്ല.

ശ്രീ. പ്രാക്കുളം ഭാസി : കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ, അരയേതു്, ഗവണ്മെൻറിനു രണ്ടു മൂന്നു ലക്ഷം രൂപാ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി പ്രസ്താവിച്ചതിനുശേഷം ഇത്ര പ്രാധാന്യമുള്ള കാര്യത്തിന്മേൽ ഇത്രയും മാസങ്ങളായിട്ടും എന്തെല്ലാം നടപടികളാണു നടന്നിട്ടുള്ളതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ഇത്ര പ്രാധാന്യമുള്ളതുകൊണ്ടു് തന്നെയാണു് എൻകയറി ഡിപ്പാർട്ടുമെൻറിലേയ്ക്കു് അയച്ചു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. കെ. സി. ജോർജ് : ഈ എൻകയറി എന്നുകൊണ്ടവസാനിക്കുമെന്നു പറയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് ഇപ്പോൾ പറയുവാൻ സൗകര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly